"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ. ഡബ്ല്യു.എം3/142/2025-LSGD
തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 02-06-2025

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - 2025 ജൂൺ 05 - ലോക പരിസ്ഥിതി ദിനം ആചരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- ജൂൺ 05 - ലോക പരിസ്ഥിതി ദിനം

2025 മാർച്ച് 30-ന് നടത്തിയ സമ്പൂർണ്ണ ശുചിത്വ പ്രഖ്യാപനത്തിന്റെ തുടർച്ചയായി മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകികൊണ്ട് ജൂൺ 5 ന് ഈ വർഷത്തെ ലോക പരിസ്ഥിതി ദിനം സമുചിതമായി ആചരിക്കേണ്ടതുണ്ട്. പൊതു ഇടങ്ങൾ, റോഡരികുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ / മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/ സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ഇത്തരം പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. "ആഗോളതലത്തിൽ പ്ലാസ്റ്റിക് മലിനീകരണം തടയുക" എന്ന ഈ വർഷത്തെ പരിസ്ഥിതി ദിന സന്ദേശം എല്ലാവരിലും എത്തിക്കുന്നതിനും, “മാലിന്യമുക്ത, കാർബൺ ന്യൂട്രൽ കേരളം” എന്ന ലക്ഷ്യത്തിനായി പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും പരിസ്ഥിതി ദിനത്തിൽ പൊതുവായി നിർവ്വഹിക്കേണ്ട പ്രവർത്തികളും, തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രത്യേകമായി നടപ്പാക്കാവുന്ന പ്രവർത്തികളും ചുവടെ നിർദ്ദേശിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ:**

- പരിസര ശുചിത്വം, ശാസ്ത്രീയ മാലിന്യസംസ്കരണം എന്നിവ സംബന്ധിച്ച അവബോധം വളർത്തുന്നതിന് ശുചിത്വ പ്രതിജ്ഞയെടുക്കുക.

- പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം തടയുന്നതിന് ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുക.

- ഹരിതസഹായ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ബദൽ ഉത്പന്നങ്ങളുടെ പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്യുക

- ഗാർബേജ് വൾനറബിൾ പോയിന്റുകൾ കണ്ടെത്തി ശുചിത്വ ഡ്രൈവുകൾ നടത്തുക.

- പ്ലാസ്റ്റിക് വേസ്റ്റ് ശേഖരിച്ച് റീസൈക്കിൾ ചെയ്യുന്നതിന് പാർക്കുകൾ, ബീച്ചുകൾ, ക്യാമ്പസുകൾ,

വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ നേച്ചർ വാക്കുകൾ, പ്ലോഗിങ് എന്നിവ സംഘടിപ്പിക്കുക.

- വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് പോസ്റ്റർ, ഉപന്യാസ, റീൽ മത്സരങ്ങൾ, പരിസ്ഥിതി ഹാക്കത്തോണുകൾ എന്നിവ നടത്തുക.
- പൊതുസ്ഥലങ്ങളിൽ സ്നേഹാരാമം/പച്ചത്തുരുത്ത് എന്നിവ സ്ഥാപിച്ച് സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ:**

- ഹരിതപ്രഖ്യാപനങ്ങൾ നടത്തിയ ഓഫീസുകൾ, പൊതുസ്ഥലങ്ങൾ, സ്കൂളുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ശുചിത്വ ഓഡിറ്റ് സംഘടിപ്പിക്കുക.
- ഹരിത കർമ്മ സേന അംഗങ്ങളെയും പൊതുജനങ്ങളെയും ഉൾപ്പെടുത്തി ഹരിത സഭകൾ നടത്തുക.
- "പ്ലാസ്റ്റിക് മലിനീകരണം തടയുന്നതിൽ ഹരിതകർമ്മ സേനയുടെ പങ്ക്" എന്ന വിഷയത്തിൽ ഹരിതകർമ്മ സേന കൺസോർഷ്യം പ്രതിനിധികളെ ഉൾപ്പെടുത്തി സ്കൂളുകളിൽ പരിപാടികൾ സംഘടിപ്പിക്കുക.
- ഹരിത കർമ്മ സേന മുഖേന ശേഖരിച്ച മാലിന്യങ്ങളുടെ ഫോർവേഡ് ലിങ്കേജ് ഉറപ്പാക്കുക; മാലിന്യനീക്കത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുക.
- *5 Day 5 R's* (Refuse, Reduce, Reuse, Repurpose, and Recycle) എന്ന ആശയത്തിലൂന്നി ജൂൺ ആദ്യ വാരം പരിപാടികൾ ആസൂത്രണം ചെയ്യുക.
- പത്ര, നവ മാധ്യമങ്ങളിലൂടെ പരിസ്ഥിതി ദിന പ്രവർത്തനങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ മുൻകൈ എടുക്കുക.
- എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുക; ബൾക് വേസ്റ്റ് ജനറേറ്റർസിൻമേൽ പ്രത്യേക ഊന്നൽ നൽകുകയും പരിശോധന കർശനമാക്കി വീഴ്ചകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുക.
- നിരോധിത ഉത്പന്നങ്ങൾ സംബന്ധിച്ച് കൃത്യമായ അവബോധം സൃഷ്ടിക്കുന്നതിന് അവ പട്ടികപ്പെടുത്തി തദ്ദേശ സ്ഥാപന തലത്തിൽ പ്രചുര പ്രചാരം നൽകുക.
- അപ്പ്-സൈക്കിൾ ഗാർഡനിങ് പരിപാടികൾ, സ്വാപ്പ് ഷോപ്പുകൾ, റിപ്പയർ & റീ യൂസ് വർക് ഷോപ്പുകൾ, ശുചിത്വ ക്വിസ് എന്നിവ പരിസ്ഥിതി ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുക.

- സ്നേഹാരാമങ്ങളുടെ പുനരുജ്ജീവനം എൻ.എസ്.എസ്, മറ്റ് സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, NGOകൾ എന്നിവയുടെ സഹകരണത്തോടെ ഏറ്റെടുക്കുക.

അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി
മെമ്പർ സെക്രട്ടറി,കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ , കില
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 02-06-2025 13:13:13
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്